2026
FEBRUARY
28
SATUR DAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# നയപരിഷ്ക്കാരം: 'റെയിൽ ടെക് പോർട്ടൽ' അവതരിപ്പിച്ചു

**ന്യൂഡൽഹി:** ഇന്ത്യൻ റെയിൽവേയിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നവസംരംഭകരെയും സ്റ്റാർട്ടപ്പുകളെയും വ്യവസായ മേഖലകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിക്കാൻ ലക്ഷ്യമിട്ട് റെയിൽ ടെക് നയം പ്രഖ്യാപിച്ചു. നൂതനാശയക്കാരുടെ തിരഞ്ഞെടുപ്പ് പ്രക്രിയ ലളിതമാക്കുന്ന പുതിയ നയത്തിനായി പ്രത്യേക 'റെയിൽ ടെക് പോർട്ടൽ' അവതരിപ്പിക്കുന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. നൂതനാശയങ്ങൾ കൊണ്ടുവരുന്നവർക്കും വകുപ്പുതല ഉപയോക്താക്കൾക്കും ആശയങ്ങളുടെ തിരഞ്ഞെടുപ്പിലേക്ക് ഒറ്റഘട്ടത്തിൽ നിർദേശങ്ങൾ സമർപ്പിക്കാവുന്ന വിശദമായ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. ഉപയോക്തൃ സൗഹൃദ ഘടനയിൽ പ്രവർത്തിക്കുന്ന ഈ നയത്തിലൂടെ ആശയ വിപുലീകരണ ധനസഹായം മൂന്ന് മടങ്ങിലധികം വർധിപ്പിക്കുകയും മാതൃകകൾ വികസിപ്പിക്കാനും പരീക്ഷണങ്ങൾക്കും നൽകുന്ന പരമാവധി തുക ഇരട്ടിയാക്കുകയും ചെയ്തതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.




ആനകളുടെ സാന്നിധ്യം തിരിച്ചറിയുന്ന എഐ അധിഷ്ഠിത സംവിധാനം, ട്രെയിൻ കോച്ചുകളിലെ എഐ അധിഷ്ഠിത അഗ്നിശമന സംവിധാനം, റെയിൽപാതയിലെ വിള്ളൽ കണ്ടെത്താൻ ഡ്രോൺ അധിഷ്ഠിത സംവിധാനം, റെയിൽപാത സമ്മർദ നിരീക്ഷണ സംവിധാനം, പാർസൽ വാനുകളിലെ സെൻസർ അധിഷ്ഠിത ഭാര പരിശോധനാ ഉപകരണം, കോച്ചുകളിലെ സോളാർ പാനലുകൾ, എഐ അധിഷ്ഠിത കോച്ച് ശുചീകരണ നിരീക്ഷണ സംവിധാനം, മൂടൽമഞ്ഞിന്റെ സാഹചര്യങ്ങളിൽ തടസങ്ങൾ കണ്ടെത്തുന്ന സംവിധാനം, എഐ അധിഷ്ഠിത പെൻഷൻ തർക്ക പരിഹാര സംവിധാനങ്ങൾ എന്നിവയാണ് പ്രധാന നൂതനാശയ മേഖലകൾ. റെയിൽവേയിൽ സാങ്കേതികവിദ്യയുടെ വ്യാപകവും വ്യവസ്ഥാപിതവുമായ കടന്നുവരവിന് വഴിയൊരുക്കുന്ന രീതിയിലാണ് റെയിൽ ടെക് നയം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്കും ഗവേഷകർക്കും നൂതനാശയക്കാർക്കും ലളിതവും അർത്ഥപൂർണവുമായ തരത്തിൽ ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെടാനാവണമെന്ന് അദ്ദേഹം വ്യക്തമാക്കി. മികച്ച സാങ്കേതിക ആശയങ്ങളുമായി ആർക്കും റെയിൽ ടെക് പോർട്ടലിലൂടെ റെയിൽവേയെ സമീപിക്കാം. ഇത് പൂർണമായും ഡിജിറ്റലായ സംവിധാനമായിരിക്കുമെന്നും കരാറുകാരെ തിരഞ്ഞെടുക്കുന്നതിന് കർശന നിബന്ധനകളിലൂന്നിയ പഴയ രീതിയിൽ നിന്ന് മാറി പുതിയ സാങ്കേതികവിദ്യകൾ പരീക്ഷിക്കാനും നടപ്പാക്കാനും മുൻഗണന നൽകുന്ന ലളിതമായ ചട്ടക്കൂട് സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്നും അദ്ദേഹം വിശദീകരിച്ചു.

പ്രതിരോധ രംഗത്തെ ഐഡെക്സ് സംരംഭം, ഐടി, ടെലികോം മന്ത്രാലയങ്ങളിലെ സ്റ്റാർട്ടപ്പ് ചട്ടക്കൂടുകൾ തുടങ്ങിയ വിജയകരമായ മാതൃകകൾ പഠിച്ച ശേഷമാണ് റെയിൽ ടെക് നയം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് നടപടിക്രമങ്ങളിലെ തടസങ്ങൾ നീക്കി സുതാര്യവും ലളിതവുമായ നൂതനാശയ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനാണ് റെയിൽവേ ശ്രമിച്ചത്. ഇത് വിജയിക്കുന്നപക്ഷം മറ്റ് മേഖലകൾക്കും മാതൃകയാക്കാമെന്ന് അദ്ദേഹം പറഞ്ഞു.

ഒരു സ്റ്റാർട്ടപ്പോ നൂതനാശയക്കാരനോ പ്രായോഗികമായ ഒരു സാങ്കേതിക പരിഹാരം നിർദേശിച്ചാൽ അതിന്റെ വികസനത്തിനാവശ്യമായ തുകയുടെ 50 ശതമാനം വരെ നൽകി റെയിൽവേ പിന്തുണയ്ക്കും. പദ്ധതി വിജയിച്ചാൽ വൻതോതിൽ അവ നടപ്പാക്കാൻ ദീർഘകാല ഓർഡറുകൾ നൽകും. ഈ നയം കേവലം പരീക്ഷണമല്ലെന്നും മറിച്ച് വിജയകരമായ നൂതനാശയങ്ങൾ വിപുലമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ വേണ്ടിയാണെന്നും അദ്ദേഹം പറഞ്ഞു. കുറ്റകൃത്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്ന സംവിധാനങ്ങൾക്കും യാത്രക്കാരുടെ സുരക്ഷയിലൂന്നിയ സാങ്കേതികവിദ്യകൾക്കും റെയിൽവേ സുരക്ഷ ശക്തമാക്കാനാവുമെന്ന് അദ്ദേഹം പറഞ്ഞു. റെയിൽപാതകളിലെ വിള്ളലുകളും വൈദ്യുതോപകരണങ്ങളിലെ തകരാറുകളും ഡ്രോൺ ഉപയോഗിച്ച് കണ്ടെത്തുന്ന രീതികളെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. വിരമിച്ച റെയിൽവേ ജീവനക്കാരുടെ പെൻഷൻ രേഖകളുടെ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കാനും സാങ്കേതിക വിദ്യകൾ ഉപയോഗിക്കാമെന്ന് അദ്ദേഹം വ്യക്തമാക്കി.

# ആധാർ കേന്ദ്രങ്ങൾ ഗൂഗിൾ മാപ്പിൽ:

## യുഐഡിഎഐയും ഗൂഗിളും കൈകോർക്കുന്നു

**ന്യൂഡൽഹി:** രാജ്യത്തുടനീളം ജനങ്ങൾക്ക് ആധാർ സേവനങ്ങൾ കൂടുതൽ സുഗമമായും സൗകര്യപ്രദമായും ലഭ്യമാക്കുന്നതിന് ഔദ്യോഗിക ആധാർ കേന്ദ്രങ്ങൾ ഗൂഗിൾ മാപ്പിൽ പ്രദർശിപ്പിക്കാൻ യൂണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയും ഗൂഗിളും കൈകോർത്തു. മുതിർന്നവരുടെ ആധാർ പേരുചേർക്കൽ, കുട്ടികളുടെ പേരുചേർക്കൽ, വിലാസവും മൊബൈൽ നമ്പറും പുതുക്കൽ തുടങ്ങി ലഭ്യമായ സേവനങ്ങളനുസരിച്ച് ആധാർ കേന്ദ്രങ്ങൾ തിരിച്ചറിയാൻ ഈ സംരംഭം ജനങ്ങളെ സഹായിക്കും. കൂടാതെ ഭിന്നശേഷി സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ, പാർക്കിങ് സൗകര്യം, പ്രവർത്തന സമയം തുടങ്ങിയ വിവരങ്ങളും അവ ലഭ്യമായ ഇടങ്ങളിൽ കാണാം. ഇത് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകും. വരും മാസങ്ങളിൽ ഈ സൗകര്യം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുജനസൗകര്യം മെച്ചപ്പെടുത്താനും തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നത് തടയാനും അത്യാധുനിക ആധാർ സേവാ കേന്ദ്രങ്ങൾ ഉൾപ്പെടെ രാജ്യത്തെ 60,000ത്തിലേറെ ആധാർ കേന്ദ്രങ്ങളിലേക്ക് തടസരഹിത പ്രവേശനം ഉറപ്പാക്കാനുമാണ് സഹകരണം വിഭാവനം ചെയ്തിരിക്കുന്നത്. ആധാർ കാർഡുടമകളുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിലാണ് യുഐഡിഎഐ എപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും ഔദ്യോഗിക ആധാർ കേന്ദ്രങ്ങൾ കണ്ടെത്തുന്നത് കൂടുതൽ ലളിതവും വേഗമാർന്നതും സുതാര്യവുമാണെന്ന് ഈ സഹകരണം ഉറപ്പാക്കുമെന്നും യുഐഡിഎഐ സിഇഒ ഭുവനേഷ് കുമാർ പറഞ്ഞു. സഹകരണത്തിന്റെ അടുത്ത ഘട്ടത്തിൽ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ നിയന്ത്രിക്കാനും ജനങ്ങളുടെ പ്രതികരണങ്ങൾക്ക് നേരിട്ട് മറുപടി നൽകാനും യുഐഡിഎഐ 'ഗൂഗിൾ ബിസിനസ് പ്രൊഫൈൽ' ഉപയോഗിക്കും. ഇതിലൂടെ സുതാര്യവും പ്രതികരണാത്മകവുമായ സേവന സംവിധാനം ഉറപ്പാക്കാനാവും. ഭാവിയിൽ ഗൂഗിൾ മാപ്പ് വഴി നേരിട്ട് സമയക്രമം ബുക്ക് ചെയ്യാൻ സൗകര്യമൊരുക്കുന്നത് സംബന്ധിച്ചും പങ്കാളിത്തത്തിലൂടെ പരിശോധിക്കും. ജനങ്ങൾക്ക് സന്ദർശനങ്ങൾ കൂടുതൽ കാര്യക്ഷമമായി ആസൂത്രണം ചെയ്യാൻ ഇത് വഴിയൊരുക്കും.




അംഗീകൃത ആധാർ കേന്ദ്രങ്ങളെ സംയോജിപ്പിക്കാൻ യുഐഡിഎഐയുമായി കൈകോർക്കുന്നതിലൂടെ ദശലക്ഷക്കണക്കിന് പേർക്ക് വിശ്വസനീയ സേവനങ്ങൾ ആത്മവിശ്വാസത്തോടെ കണ്ടെത്താൻ ഗൂഗിൾ വഴിയൊരുക്കുന്നുവെന്ന് ഗൂഗിൾ ഇന്ത്യ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് ദേശീയ മേധാവി റോളി അഗർവാൾ പറഞ്ഞു. അവശ്യ സർക്കാർ അടിസ്ഥാന സൗകര്യങ്ങളും അവ ഏറ്റവുമധികം ആവശ്യമായ ജനങ്ങളും തമ്മിലെ അകലം കുറയ്ക്കാൻ ഇതുവഴി സാധിക്കുന്നുവെന്നും റോളി അഗർവാൾ പറഞ്ഞു.

# വേൾഡ് മലയാളി കൗൺസിൽ ദ്വൈവാർഷിക സമ്മേളനം ഇന്ന്

**കൊച്ചി:** വേൾഡ് മലയാളി കൗൺസിൽ കേരള ഘടകം ദ്വൈ വാർഷിക സമ്മേളനം ഇന്ന് രാവിലെ 10.30ന് എറണാകുളം ബിടിഎച്ചിൽ കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും. യാക്കോബായ സഭ സീനിയർ ബിഷപ്പ് ഡോ. ഏലിയാസ് മാർ അത്തനേഷ്യസ് ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. ജില്ലാ ജഡ്ജി എം. സുലേഖ മുഖ്യ പ്രഭാഷണം നടത്തും. വേൾഡ് മലയാളി കൗൺസിൽ കേരള ഘടകം ചെയർമാൻ അഡ്വ. കെ.വി സാബു അധ്യക്ഷത വഹിക്കും. ഗ്ലോബൽ ചെയർമാൻ ഗോപാലൻ പിള്ള, പ്രസിഡന്റ് ജോൺ മത്തായി, ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗ്ഗീസ്, കേരള കൗൺസിൽ പ്രസിഡന്റ് പ്രസാദ് കുഴിക്കാല, ജനറൽ സെക്രട്ടറി അഡ്വ. എം. ജി ശ്രീജിത്ത് തുടങ്ങിയവർ സംസാരിക്കും. സംഘടനയുടെ ഭാവി പദ്ധതികളും വീക്ഷണങ്ങളും ചടങ്ങിൽ പ്രഖ്യാപിക്കും. കേരള ഘടകത്തിന്റെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടക്കും.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകുളം ബിടിഎച്ച്:** വേൾഡ് മലയാളി കൗൺസിൽ ദ്വൈവാർഷിക സമ്മേളനം ഉദ്ഘാടനം കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ രാവിലെ 10. 30ന്.

■ **കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രി :** ഫൺ റൺ രാവിലെ 6.30ന്.

■ **രാമ വർമ്മ ക്ലബ് :** കരിയർ ഗൈഡൻസ് എക്സ്പോ രാവിലെ 10.30ന്.

## കാലടി

■ **കാലടി അനന്തൻപിള്ള ഓപ്പൺ എയർ സ്റ്റേഡിയം :** പുസ്തകോത്സവം രാവിലെ 11ന്.

## മുളന്തുരുത്തി

■ **മുളന്തുരുത്തി പഞ്ചായത്ത് പ്രിയദർശിനി ഹാൾ :** പരുമല തിരുമേനി സ്മാരക സാഹിത്യപുരസ്കാരസമർപ്പണം വൈകുന്നേരം 3.30ന്.

## ആലുവ

■ **അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ :** കൊച്ചി കോമിക് കോൺ 2026 രാവിലെ 10.30ന്.

## കോതമംഗലം

■ **പിണ്ടിമന സെന്റ് തോമസ് സുവിശേഷാലയം ചാപ്പൽ:** സുവിശേഷ യോഗം രാത്രി 7.15 ന് .

■ **കോട്ടപ്പടി വാവേലി കേളംബ്ലായിൽ ദുർഗാ ഭഗവതി ക്ഷേത്രം :** താലപ്പൊലി ഉത്സവം രാവിലെ 6 മുതൽ.

■ **നെല്ലിമറ്റം എംബിറ്റ്സ് എഞ്ചിനീയറിംഗ് കോളേജ് :** ടെക്നിക്കൽ ഫെസ്റ്റ് രാവിലെ 10 ന്.

# ഫിസാറ്റിലെ അന്തർദേശിയ ലാബുകൾ ഉത്ഘാടനം ചെയ്തു

**കൊച്ചി:** അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ ആരംഭിച്ചിരിക്കുന്ന ആറ് അന്തർദേശിയ ലാബുകൾ ഫിസാറ്റ് ഗ്രീൻഫീൽഡിൽ നടന്ന സമ്മേളനത്തിൽ കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി ഉത്ഘാടനം ചെയ്തു. നൈപുണ്യ വികസനത്തിന് രാജ്യത്തെ പ്രതീക്ഷ നിർഭയരായ യുവ തലമുറയെ വാർത്തെടുക്കുന്നതിൽ ഫിസാറ്റ് വഹിക്കുന്ന പങ്ക് ഏറെ നിസ്തുലമാണെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി പറഞ്ഞു. നൂതന സാങ്കേതിക വിദ്യകൾ രാജ്യത്തിന്റെ അനിവാര്യമായ വികസനത്തിന് എങ്ങനെ ഉപയോഗപ്പെടുത്താം എന്നുള്ളതിന് ഇത്തരം സെന്റർ ഓഫ് എക്സലൻസുകൾ വളരെ അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപറേഷനും അങ്കമാലി ഫിസാറ്റും എത്തനോട്ടക്ക് അക്കാദമിയും തമ്മിലുള്ള ധാരണ പത്രം ഒപ്പു വെച്ചു. ഫിസാറ്റ് സെന്റർ ഫോർ ഫ്യൂച്ചർ സ്കിൽ സെന്ററിൽ നടത്തിയ ഹാക്കത്തോൺ മത്സരത്തിൽ വിജയികളായ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകളും അമ്പതിനായിരം രൂപയുടെ ക്യാഷ് അവാർഡും ചടങ്ങിൽ വിതരണം ചെയ്തു. ഫിസാറ്റ് സി. എഫ്. എസ് സെന്റർ പുറത്തിറക്കിയ ധ്വനി എന്ന ന്യൂലേറ്ററും, എത്തനോട്ടക്ക് അക്കാദമി പുറത്തിറക്കിയ ബ്രോഷറും മന്ത്രി സുരേഷ് ഗോപി പ്രകാശനം ചെയ്തു. റോജി എം ജോൺ എം എൽ എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ സൗത്ത് റീജിയണൽ മേധാവി ഷെയ്ഖ് മമൂദ്, ഫെഡറൽ ബാങ്ക് ഇ.വി.പി യും ബ്രാഞ്ച് ബാങ്കിങ് മേധാവിയുമായ ഇക്ബാൽ മനോജ്, ഫിസാറ്റ് ചെയർമാൻ പി. ആർ ഷിമിത്ത്, ഇന്ത്യൻ സൊസൈറ്റി ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രസിഡന്റ് ഡോ. പ്രതാപ് സിങ് ദേശായി, ഫിസാറ്റ് വൈസ് ചെയർമാൻ സച്ചിൻ ജേക്കബ് പോൾ, ട്രഷറർ ജെനിബ് ജെ. കാച്ചപ്പിള്ളി, എത്തനോ ടേക് മാനേജിങ് ഡയറക്ടർ ഡോ. കിരൺ രാജെന്ന, മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജയാ രാധ കൃഷ്ണന്ന്, വാർഡ് മെമ്പർ ഏലിയാസ് കെ തര്യൻ, പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, മറ്റു കോളേജുകളിൽ നിന്നുള്ള പ്രിൻസിപ്പാളുമാർ, അധ്യാപകർ വ്യാവസായിക മേഖലയിലെ വിദഗ്ധർ, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലയിലെ പ്രമുഖർ തുടങ്ങിയവർ പ്രസംഗിച്ചു.

# ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ടിനെതിരെ നിയമനടപടി സ്വീകരിക്കും: വി.എച്ച്.പി




*ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട്, ശബരിമല സ്വർണ്ണക്കൊള്ള ഉൾപ്പെടെയുള്ള വിഷയങ്ങളിലെ വി.എച്ച്.പി നിലപാട് എറണാകുളം പാവക്കുളത്തെ വി.എച്ച്.പി ആസ്ഥാന കാര്യാലയത്തിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വിശ്വ ഹിന്ദു പരിഷത്ത് സെക്രട്ടറി ജനറൽ ബജറംഗ് ലാൽ ബാഗ്ര വ്യക്തമാക്കുന്നു. വി.എച്ച്.പി അന്താരാഷ്ട്ര ജോയിന്റ് സെക്രട്ടറി ജി. സ്ഥാണു മാലയൻ, കേരള ഘടകം വർക്കിംഗ് പ്രസിഡന്റ് വി. ആർ രാജശേഖരൻ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ എന്നിവർ സമീപം*

**കൊച്ചി:** ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനത്തിനെതിരെ വിശ്വഹിന്ദു പരിഷത്ത് നിയമ നടപടി സ്വീകരിക്കുമെന്ന് വിശ്വഹിന്ദു പരിഷത്ത് സെക്രട്ടറി ജനറൽ ബജറംഗ് ലാൽ ബാഗ്ര വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രാഷ്ട്രീയ താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാ വിരുദ്ധവും ക്രൈസ്തവ പ്രീണനപരമായ കാര്യങ്ങളാണ് ജെ.ബി കമ്മീഷൻ റിപ്പോർട്ടിലുള്ളത്. തിരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ ജെ.ബി കമ്മീഷൻ റിപ്പോർട്ട് സംസ്ഥാന സർക്കാർ അംഗീകരിച്ചിരിക്കുന്നത് വോട്ട് ബാങ്ക് ലക്ഷ്യമിട്ടാണ്. ഇതിനെ നിയമപരമായി വിശ്വഹിന്ദു പരിഷത്ത് നേരിടും. രാജ്യത്തെ ഹൈന്ദവ ആരാധാനാലയങ്ങളുടെ നടത്തിപ്പിൽ നിന്നും സർക്കാർ പിന്മാറണം. ഏതു മതവിഭാഗത്തിൽപ്പെട്ട ആരാധാനാലയങ്ങളാണെങ്കിലും അതിന്റെ നടത്തിപ്പ് ചുതല അതത് വിഭാഗത്തിലെ വിശ്വാസികളെ ഏൽപ്പിക്കണം. അതല്ലെങ്കിൽ ശബരിമലയിൽ ഉണ്ടായ സ്വർണ്ണക്കൊള്ള പോലുള്ള സംഭവങ്ങൾ ഇനിയും ആവർത്തിക്കപ്പെടുമെന്നും ഇത് ഇനിയും അംഗീകരിക്കാൻ കഴിയില്ലെന്നും ബജറംഗ് ലാൽ ബാഗ്ര വ്യക്തമാക്കി. കേരള സ്റ്റോറി എന്ന ചിത്രം വ്യക്തമാക്കുന്നത് ഇവിടെ നിലനിൽക്കുന്ന ലൗ ജിഹാദ് ഉൾപ്പെടെയുള്ള വിഷയങ്ങളാണ്. ഇതിനെ കേവലം ബീഫിന്റെ പേരിൽ നിസാരവത്ക്കരിക്കരുതെന്നും ബീഫ് കഴിക്കുന്നത് കേരളത്തിന്റെ സംസ്ക്കാരമാണെന്ന് വിശ്വസിക്കുന്നില്ലെന്നും ബജറംഗ് ലാൽ ബാഗ്ര പറഞ്ഞു. സമൂഹത്തിൽ നിലനിൽക്കുന്ന ചൂഷണത്തിനെതിരെയുള്ള സന്ദേശമാണ് ഈ ചിത്രം പറയുന്നതെന്നാണ് തനിക്ക് മനസിലാകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. വിഎച്ച് പി അന്താരാഷ്ട്ര ജോയിന്റ് സെക്രട്ടറി ജി. സ്ഥാണു മാലയൻ, കേരള ഘടകം വർക്കിംഗ് പ്രസിഡന്റ് വി. ആർ രാജശേഖരൻ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഇഫ്താർ സംഗമം നടത്തി

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം കെ.എച്ച്.ആർ.എ. ഭവനിൽ ഇഫ്താർ സംഗമം സംഘടിപ്പിച്ചു. ടി.ജെ. വിനോദ് എംഎൽഎ, ഇഫ്താർ സംഗമം ഉദ്ഘാടനം ചെയ്തു ജില്ലാപ്രസിഡന്റ് വി.ടി. ഹരിഹരൻ അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഇഫ്താർ ആശംസനൽകി. ഡെപ്യൂട്ടി മേയർ ദീപക് ജോയ്, ബി.ജെ.പി. ജില്ലാ പ്രസിഡന്റ് കെ.എസ്. ഷൈജു, കെ.എച്ച്.ആർ.എ. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അസീസ് മൂസ, സംസ്ഥാന സെക്രട്ടറിമാരായ ടി.ജെ. മനോഹരൻ, സി.കെ. അനിൽ, ജില്ലാ സെക്രട്ടറി കെ.ടി. റഹിം, വനിതാവിംഗ് പ്രസിഡന്റ് ആശ ലില്ലി തോമസ് തുടങ്ങിയവർ സംസാരിച്ചു.

# സംസ്ഥാനത്തെ ആദ്യത്തെ സി.ബി.ജി പ്ലാന്റ് ബ്രഹ്മപുരത്ത് ഉദ്ഘാടനം ചെയ്തു



**കൊച്ചി:** മാലിന്യ നിർമാർജ്ജന രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി.പി.സി.എൽ) നേതൃത്വത്തിൽ ബ്രഹ്മപുരത്തെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഭൂമിയിൽ സ്ഥാപിച്ച സംസ്ഥാനത്തെ ആദ്യത്തെ ഖരമാലിന്യ അധിഷ്ഠിത കംപ്രസ്ഡ് ബയോഗ്യാസ് (സി.ബി.ജി) പ്ലാന്റിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

അജൈവ മാലിന്യ സംസ്കരണത്തിൽ ഇതിനോടകം വലിയ പുരോഗതിയാണ് സംസ്ഥാനം കൈവരിച്ചത്. ജൈവമാലിന്യങ്ങളെ ഊർജ്ജമാക്കി മാറ്റുന്ന ഈ നൂതന പദ്ധതിയിലൂടെ മാലിന്യ സംസ്കരണത്തിൽ പുതിയൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ്. പ്രതിദിനം 150 ടൺ വേർതിരിച്ച ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള ബ്രഹ്മപുരത്തെ ഈ പ്ലാന്റിലൂടെ ദിവസേന ഏകദേശം 5.6 ടൺ കംപ്രസ്ഡ് നാച്ചുറൽ ഗ്യാസും 25 ടൺ ജൈവവളവുമാണ് ഉത്പാദിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. കൊച്ചിയിലെ ഈ വിജയകരമായ മാതൃക പിന്തുടർന്ന് കോഴിക്കോട്, കൊല്ലം നഗരങ്ങളിലും സമാനമായ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സർക്കാരും തദ്ദേശ സ്ഥാപനങ്ങളും ബി.പി.സി.എല്ലുമായി കരാറിൽ ഒപ്പുവെച്ചു കഴിഞ്ഞു. കൂടാതെ, പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിൽ സർക്കാർ നേരിട്ട് പ്ലാന്റുകൾ നടപ്പിലാക്കി വരികയാണ്. കേരള ഖരമാലിന്യ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരിയിൽ കൂടി പ്ലാന്റ് പ്രവർത്തനമാരംഭിക്കുന്നതോടെ സംസ്ഥാനത്തെ മാലിന്യ സംസ്കരണ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാനാകുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. സാനിറ്ററി വേസ്റ്റ് പ്ലാന്റിന്റെ തറക്കല്ലിടൽ കർമ്മവും അദ്ദേഹം നിർവഹിച്ചു. മന്ത്രി പി രാജീവ് വിശിഷ്ടാതിഥിയായിരുന്നു.

സംസ്ഥാന സർക്കാരിന്റെ മാലിന്യ നിർമാർജന സംരംഭങ്ങളെക്കുറിച്ചുള്ള 'കോഫി ടേബിൾ ബുക്ക്', മന്ത്രി എം.ബി. രാജേഷ് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിക്ക് നൽകി പ്രകാശനം ചെയ്തു.

അതോടൊപ്പം, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ കൺസോളിഡേറ്റഡ് റിപ്പോർട്ടും മന്ത്രി പി. രാജീവ് കേന്ദ്രസഹമന്ത്രിക്ക് കൈമാറി.സി.ബി.ജി ഗ്രീൻ ബെൽറ്റ് മിയാവാക്കി ഫോറസ്റ്റ് പ്ലാന്റ് പരിസരത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സി.ബി.ജി ഗ്രീൻ ബെൽറ്റ് മിയാവാക്കി ഫോറസ്റ്റ് പദ്ധതിക്കും ചടങ്ങിൽ തുടക്കം കുറിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും, പി.വി. ശ്രീനിജൻ എം.എൽ.എ,മേയർ അഡ്വ വി.കെ മിനിമോൾ എന്നിവരും ചേർന്ന് തൈകൾ നട്ടുകൊണ്ട് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

# എറണാകുളം ജില്ലാ പഞ്ചായത്ത് ബജറ്റ്: കാർഷിക,വിദ്യാഭ്യാസ മേഖലകൾക്ക് ഊന്നൽ

**കൊച്ചി:** ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ വികസനം ലക്ഷ്യമിട്ട് കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, ടൂറിസം മേഖലകൾക്ക് ഊന്നൽ നൽകി 2026–27 സാമ്പത്തിക വർഷത്തെ ജില്ലാ പഞ്ചായത്ത് ബജറ്റ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ അധ്യക്ഷനായ യോഗത്തിൽ വൈസ് പ്രസിഡന്റ് സിന്റ ജേക്കബ് ബജറ്റ് അവതരിപ്പിച്ചു.

177,88,20,344 രൂപ വരവും 163,13,02,500 രൂപ ചെലവും 14,75,17,844 രൂപ നീക്കിയിരിപ്പും വരുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ജില്ലയിലെ അയ്യായിരത്തോളം സ്ത്രീകൾക്ക് തൊഴിൽ നൽകാൻ ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്യുന്ന ജോബ് പോർട്ടലിനായി 10 ലക്ഷം രൂപയും വനിതകളുടെ ആരോഗ്യ സംരക്ഷണത്തിനായി ഷീ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഒരു കോടി രൂപയും വകയിരുത്തി. കുടുംബശ്രീയുമായി സഹകരിച്ച് പച്ചക്കറികൾ, മില്ലറ്റുകൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിന് സൂപ്പർ മാർക്കറ്റുകളുടെ രൂപത്തിൽ ആരംഭിക്കുന്ന മഹിളാ ബസാറിനായി 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കായി 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ കൃഷി ഫാമുകളുടെ നവീകരണത്തിലൂടെ ഫാം ടൂറിസം, അക്വാ ടൂറിസം, വയലോര ടൂറിസം എന്നിവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ബജറ്റ് ലക്ഷ്യം വെക്കുന്നു. തരിശുനിലങ്ങളിൽ കൃഷി വ്യാപിപ്പിക്കുവാനും നിലവിലെ കൃഷിയിടങ്ങൾക്ക് കൈത്താങ്ങ് നൽകുന്നതിനും, പാടശേഖരങ്ങളിലേക്കുള്ള വഴികളും നീർച്ചാലുകളും വൃത്തിയാക്കുക നീരൊഴുക്ക് സുഖമാക്കുന്നതിനുള്ള ബണ്ടുകൾ ബലപ്പെടുത്തുക എന്നീ പ്രവൃത്തികൾക്കുമായി മൂന്നു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തരിശു പച്ചക്കറി കൃഷിക്കും സ്ഥിരം പച്ചക്കറി കൃഷിക്കും വാഴ കൃഷിക്കുമായി 50 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. കാർഷിക വിപണന കേന്ദ്രങ്ങളുടെയും കാർഷിക സൊസൈറ്റികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഒരു കോടി രൂപ വകയിരുത്തി. കാർഷിക ഗവേഷണത്തിനും കാർഷികമേളകൾ സംഘടിപ്പിക്കുന്നതിനുമായി 20 ലക്ഷം രൂപ നീക്കിവെച്ചു.

ക്ഷീരകർഷകരുടെ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് 30 ലക്ഷം രൂപ അനുവദിച്ചു. 'ഒരു നെല്ലും മീനും' മിശ്ര കൃഷിക്കായി 10 ലക്ഷം രൂപയും പഠിതാക്കുളം പദ്ധതിക്കായി 15 ലക്ഷം രൂപയും വകയിരുത്തി. ഫിഷ് ലാൻഡിങ് സെന്ററുകളുടെ നവീകരണത്തിനായി 50 ലക്ഷം രൂപയാണ് മാറ്റിവെച്ചിരിക്കുന്നത്. അക്വാ ടൂറിസം പ്രോത്സാഹിപ്പിക്കാൻ 50 ലക്ഷം രൂപയും ഫാമുകളുടെ നവീകരണത്തിനും അനുബന്ധ സൗകര്യ വികസനത്തിനുമായി അഞ്ചു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഫാം ഫെസ്റ്റിവൽ നടത്തുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തി. ആലുവയിലെ പൈതൃക കെട്ടിടത്തെ കാർഷിക മ്യൂസിയം ആക്കുവാനുള്ള പദ്ധതിക്ക് 25 ലക്ഷം രൂപ നീക്കിവെച്ചു.

15.60 കോടി രൂപയാണ് വിദ്യാഭ്യാസ മേഖലക്കായി നീക്കി വെച്ചിരിക്കുന്നത്. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കായി 3 കോടി രൂപ വകയിരുത്തി. ഹൈടെക് സ്കൂൾ പദ്ധതിക്കും, സയൻസ് ലാബുകൾക്കുമായി രണ്ടു കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. അതിഥി തൊഴിലാളി കുടുംബങ്ങൾക്കുള്ള മലയാള പഠന പദ്ധതിയായ 'മധുരം മലയാളം' പദ്ധതിക്കായി 25 ലക്ഷം രൂപ അനുവദിച്ചു. വിജ്ഞാന വിസ്മയം സാക്ഷരതാ സംഗമത്തിനായി 5 ലക്ഷം രൂപയും വകയിരുത്തി.

ആരോഗ്യ മേഖലയിലെ വിപുലമായ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 16 കോടി രൂപ അനുവദിച്ചു. ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും. കേരളത്തിന്റെ മാതൃകാപരമായ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് കരുത്തുപകരാൻ, ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന വിവിധ പദ്ധതികൾക്കായി പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനുമായി 11 കോടി രൂപ വകയിരുത്തി. നിലവിലെ ആസ്തികളുടെ സംരക്ഷണത്തിനും പുതിയവ നിർമ്മിക്കുന്നതിനുമായി 29 കോടി രൂപയും അനുവദിച്ചു. പട്ടിക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 13 കോടി രൂപ നീക്കിവെച്ചു. ഈ വിഭാഗത്തിലെ കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങൾക്കായി പത്തു കോടി രൂപയും ഉൾപ്പെടുത്തി. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി 1.5 കോടി രൂപയും ഗ്രൗണ്ടുകളുടെ നവീകരണത്തിന് ഒരു കോടിയും, ക്ലീൻ എറണാകുളം പദ്ധതിക്കായി 6 കോടി രൂപയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുറഞ്ഞ നിരക്കിൽ നല്ല ഭക്ഷണം ലഭ്യമാക്കുന്ന ഇന്ദിര കാന്റീൻ സംവിധാനം നടപ്പിലാക്കും. ട്രാൻസ്ജെൻഡേഴ്സ് ക്ഷേമ പ്രവർത്തനങ്ങൾ, ലിവർ ട്രാൻസ്പ്ലാന്റേഷൻ രോഗികൾക്കുള്ള സഹായം, ഓപ്പൺ ജിം, ലൈബ്രറികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവ ഈ വർഷവും തുടരും. ഭിന്നശേഷിക്കാർക്കായി സ്കോളർഷിപ്പ്, വാഹന വിതരണം എന്നീ പദ്ധതികളും ബജറ്റിലുണ്ട്. ഊർജ്ജ സംരക്ഷണത്തിനായി സോളാർ സംവിധാനങ്ങൾ വ്യാപിപ്പിക്കും.

## വോട്ടിന്റെ പ്രാധാന്യം വിളിച്ചോതി കാൻഡിൽ ലൈറ്റ് മാർച്ച്

**കൊച്ചി:** സിസ്റ്റമാറ്റിക് വോട്ടേഴ്സ് എഡ്യൂക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപേഷന്റെ ( സ്വീപ് ) ഭാഗമായി തിരഞ്ഞെടുപ്പ് പ്രക്രിയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി കാൻഡിൽ ലൈറ്റ് മാർച്ച് സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ജി പ്രിയങ്ക മാർച്ച് ഉദ്ഘാടനം ചെയ്തു. ജനാധിപത്യ പ്രക്രിയയുടെ ഭാഗമാകാനുള്ള അസുലഭ അവസരമാണ് തിരഞ്ഞെടുപ്പ് എന്നും പുതിയ വോട്ടർമാർ തങ്ങളുടെ സമ്മതിദാന അവകാശം കൃത്യമായി വിനിയോഗിക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. ദർബർഹാൾ മൈതാനത്തു നിന്നും ആരംഭിച്ച മാർച്ച് ഹൈക്കോടതി വാട്ടർ മെട്രോ സ്റ്റേഷനിൽ അവസാനിച്ചു. എറണാകുളം ഡിസ്ട്രിക്റ്റ് റെസിഡന്റ്സ് അസോസിയേഷൻസ് അപെക്സ് കൗൺസിലും ഹാർലി ഓണേഴ്സ് ഗ്രൂപ്പുമായി സഹകരിച്ചാണ് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചത്. കേരളത്തിന്റെ പാരമ്പര്യ ആയോധനകലയായ കളരിപ്പയറ്റ്, ശിങ്കാരിമേളം, ഫ്ളാഷ് മോബ് എന്നിവയും പരിപാടിയുടെ ഭാഗമായി അരങ്ങേറി. ഡെപ്യൂട്ടി കളക്ടർ കെ. മനോജ്, ജില്ലാ സ്വീപ് അസിസ്റ്റന്റ് നോഡൽ ഓഫീസർ ജോസഫ് ആന്റണി ഹർട്ടിസ്, ഹാർലി ഓണേഴ്സ് ഗ്രൂപ്പ് സെക്രട്ടറി നന്ദകുമാർ, എഡ്രാക് ജനറൽ സെക്രട്ടറി പി.സി അജിത് കുമാർ, രംഗനാഥ പ്രഭു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



## റോഡ് സുരക്ഷാ ബോധവത്കരണം സംഘടിപ്പിച്ചു

**കൊച്ചി:** സുരക്ഷിതമായ റോഡ് ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോ മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവത്കരണം സംഘടിപ്പിച്ചു. മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ്, ശ്രീനാരായണ ഗുരുകുലം കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള 2400ത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ട്രാഫിക് നിയമങ്ങൾ,റോഡ് സുരക്ഷാ മാർഗനിർദേശങ്ങൾ, അപകടസാധ്യത തിരിച്ചറിയൽ പരിശീലനം, ഗെയിമുകളും ക്വിസുകളും ഉൾപ്പെടുന്ന ഇന്ററാക്ടീവ് സെഷനുകളും ഇതിന്റെ ഭാഗമായി നടന്നു.

## പ്രഭാഷണം നടത്തി

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ മഹാത്മ ഗാന്ധി സെന്റർ ഫോർ റൂറൽ ഡെവലപ്മെന്റ് ആൻഡ് പീസ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 'ഗാന്ധിയൻ റൂറൽ ഡെവലപ്മെന്റ് ആൻഡ് ഡിജിറ്റൽ ടെക്നോളജി' എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. കാലടി മുഖ്യ കാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിലെ സെമിനാർ ഹാളിൽ സംഘടിപ്പിച്ച പ്രഭാഷണ പരിപാടി സിൻഡിക്കേറ്റ് അംഗം ഡോ. വി. ലിസി മാത്യു ഉദ്ഘാടനം ചെയ്തു. ഡോ. എം. എസ്. ജോൺ മുഖ്യ പ്രഭാഷണം നടത്തി.

## കേരളം ടൂറിസം കേന്ദ്രമായി മാറി: മന്ത്രി പി.എ. മുഹമ്മദ് റിയാസ്

**കൊച്ചി:** കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ എണ്ണം വർധിച്ചുവെന്നും ടൂറിസം ഭൂപടത്തിലെ എല്ലാ വിഭാഗങ്ങളും ഇഷ്ടപ്പെടുന്ന ടൂറിസം കേന്ദ്രമായി കേരളം മാറിയെന്നും വിനോദസഞ്ചാര പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ്. വൈപ്പിൻകരയിലെ വിനോദ സഞ്ചാര മേഖലക്ക് പുത്തൻ മുഖച്ഛായ നൽകുന്ന 'വൈപ്പിൻ ബീച്ച് കോറിഡോർ' പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ടൂറിസം മേഖലയിൽ കേരളം വലിയ നിലയിലുള്ള നേട്ടങ്ങൾ കൈവരിച്ചെന്നും ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചതിനോടൊപ്പം കേരളത്തിലേക്കുള്ള വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വലിയ കുതിപ്പുണ്ടായെന്നും മന്ത്രി പറഞ്ഞു. 2025ൽ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം രണ്ട് കോടിയിൽ അധികമാണ്. കേരള ടൂറിസത്തിന് ആഗോള പിന്തുണ വർധിക്കുന്നുവെന്നും ടൂറിസം മേഖലയിൽ കേരളം മത്സരിക്കുന്നത് മറ്റു സംസ്ഥാനങ്ങളുമായിട്ടല്ല മറിച്ച് ലോക ലോകരാജ്യങ്ങളുമായിട്ടാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന വിനോദസഞ്ചാര വകുപ്പ് 2.97 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതിയിൽ ചെറായി, കുഴുപ്പിള്ളി, മുനമ്പം എന്നീ ബീച്ചുകളുടെ നവീകരണവും അടിസ്ഥാന സൗകര്യ വികസനവുമാണ് ലക്ഷ്യമിടുന്നത്. കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷനായി.



## മദർ ഓഫ് ദ നേഷൻ എൻഡോവ്മെന്റ് പദ്ധതിക്ക് കൈത്താങ്ങുമായി എം.എ. യൂസഫലി

**അബുദാബി:** യുഎഇയിലെ അനാഥകുട്ടികളുടെ ഉന്നമനത്തിനും സുരക്ഷയ്ക്കും പിന്തുണയേകുന്ന 'മദർ ഓഫ് ദ നേഷൻ എൻഡോവ്മെന്റ്' പദ്ധതിയിലേക്ക് 15 കോടി ദിർഹത്തിന്റെ (371 കോടി രൂപ) സഹായം കൈമാറി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി. യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ പ്രത്യേക താൽപര്യപ്രകാരം അബുദാബി ഔഖാഫ് നേതൃത്വം നൽകുന്ന പദ്ധതിയാണ് 'മദർ ഓഫ് ദ നേഷൻ എൻഡോവ്മെന്റ് ഫോർ ഓർഫൻസ്. അനാഥരായ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം, മികച്ച ആരോഗ്യപരിരക്ഷ, സാമൂഹിക ശാക്തീകരണം എന്നിവ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാനും മികച്ച ഭാവി ഉറപ്പാക്കാനുമായാണ് പദ്ധതി. യുഎഇയിലെ കുടുംബശിശുക്ഷേമ മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സഹായിക്കുന്ന പദ്ധതി കൂടിയാണ് 'മദർ ഓഫ് ദ നേഷൻ എൻഡോവ്മെന്റ്. നിരവധി കുരുന്നുകളുടെ ജീവിതത്തിന് വെളിച്ചമേകുന്ന ഈ പദ്ധതിയിലേക്കാണ് യൂസഫലിയുടെ പിന്തുണ. 52 വർഷമായി അബുദാബി ആസ്ഥാനമായി പ്രവർത്തിക്കുന്ന തനിക്ക്, അബുദാബി ഭരണാധികാരിയും യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ പ്രത്യേക താല്പര്യപ്രകാരം നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ഏറെ അഭിമാനമുണ്ടെന്ന് എം.എ യൂസഫലി പറഞ്ഞു.

## താൽപ്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് നിർഭയ സെല്ലിന്റെ ഭാഗമായി എറണാകുളത്ത് പ്രവർത്തിക്കുന്ന 'തേജോമയ ഹോം' ഏറ്റെടുത്തു നടത്തുന്നതിനായി അംഗീകൃത സന്നദ്ധ സംഘടനകളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ചു. വൊക്കേഷണൽ ട്രെയിനിംഗിലും സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ മേഖലയിലും പരിചയസമ്പന്നരായ സംഘടനകൾക്കാണ് അവസരം. താൽപ്പര്യമുള്ള സംഘടനകൾ അപേക്ഷാഫോം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തന റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കണം. അപേക്ഷകൾ ഫെബ്രുവരി 27 ന് മുമ്പായി 'സ്റ്റേറ്റ് കോഓഡിനേറ്റർ, സ്റ്റേറ്റ് നിർഭയ സെൽ, വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ : 04712331059.

# എയർ ഇന്ത്യ എക്സ്പ്രസിൽ പേ ഡേ സെയിൽ: 1500 രൂപ മുതൽ വിമാന ടിക്കറ്റുകൾ

**കൊച്ചി:** ആഭ്യന്തര റൂട്ടുകളിൽ 1500 രൂപ മുതലും അന്താരാഷ്ട്ര യാത്രകളിൽ 5420 രൂപ മുതലും ആരംഭിക്കുന്ന വിമാന ടിക്കറ്റുകളുമായി എയർ ഇന്ത്യ എക്സ്പ്രസിൽ പേ ഡേ സെയിലിന് തുടക്കമായി. മാർച്ച് മൂന്ന് മുതൽ ഒക്ടോബർ എട്ട് വരെയുള്ള യാത്രകൾക്കായി മാർച്ച് ഒന്നിനകം ബുക്ക് ചെയ്യുന്ന ടിക്കറ്റുകളാണ് ഈ ഓഫറിൽ ലഭിക്കുക. ഓഫർ സമയത്ത് എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് കൺവീനിയൻസ് ഫീ ഈടാക്കില്ല. ഫ്ളക്സ് ഫെയറിൽ ടിക്കറ്റെടുക്കുന്നവർക്ക് യാത്രയ്ക്ക് മൂന്ന് ദിവസം മുൻപ് വരെ യാത്രാ തീയതി മാറ്റാനും അഭ്യന്തര യാത്രകളിൽ 20 കിലോയും അന്താരാഷ്ട്ര യാത്രയിൽ 35 കിലോ വരെയും ബാഗേജ് അലവൻസും ലഭിക്കും. കൂടാതെ സൗജന്യമായി ലഘു ഭക്ഷണവും പ്രൈം സീറ്റും ഉണ്ടാകും. ലോയൽറ്റി അംഗങ്ങൾക്ക് 25 ശതമാനം കിഴിവിൽ ബിസിനസ് ക്ലാസിന് തത്തുല്യമായ എക്സ്പ്രസ് ബിസ് സീറ്റുകൾ, ഗോർമേർ ഭക്ഷണം, അധിക ചെക്ക് ഇൻ ബാഗേജ്, മുൻഗണന സേവനങ്ങളും ലഭിക്കും. ടാറ്റ ന്യൂപാസ് റിവാർഡ് പ്രോഗ്രാമിന്റെ ഭാഗമായി 300 രൂപയുടെ അധിക കിഴിവും ലഭിക്കും. എയർ ഇന്ത്യ എക്സ്പ്രസിന്റെ 40 പുതിയ ബോയിംഗ് 7378 വിമാനങ്ങളിലും ബിസ് ക്ലാസ് സീറ്റുകൾ ലഭ്യമാണ്. അടുത്തിടെ ഹൈദരാബാദിൽ നടന്ന വിംഗ്സ് ഇന്ത്യ ഏവിയേഷൻ ഫെസ്റ്റിവലിൽ കേന്ദ്ര വ്യോമയാന മന്ത്രാലയം എയർ ഇന്ത്യ എക്സ്പ്രസിനെ മികച്ച ആഭ്യന്തര കണക്ടിവിറ്റിയുള്ള വിമാന കമ്പനിയായി തിരഞ്ഞെടുത്തിരുന്നു. സമയ നിഷ്ഠ, മികച്ച യാത്രാനുഭവം, കൂടുതൽ കണക്ടിവിറ്റി, മെച്ചപ്പെട്ട സേവനങ്ങൾ, ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ ഉപയോഗം, നവീകരണം തുടങ്ങിയ മേഖലകളിലെ മികവ് പരിഗണിച്ചായിരുന്നു അവാർഡ്. വിദ്യാർഥികൾ, മുതിർന്ന പൗരർ, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്കും എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെ പ്രത്യേക കിഴിവിൽ ടിക്കറ്റ് ബുക്ക് ചെയ്യാം. കൂടാതെ ഇഎംഐ, പേ ലേറ്റർ പോലുള്ള സൗകര്യങ്ങളും വെബ്സൈറ്റിലുണ്ട്.




# ഹൈഡ്രജൻ ട്രക്ക്: ടാറ്റ മോട്ടോഴ്സ് ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** രാജ്യത്തെ കാർബൺ പുറം തള്ളൽ നെറ്റ് സീറോയിലെത്തിക്കുന്നതിനുള്ള ലക്ഷ്യത്തിലേക്ക് വലിയ പിന്തുണയുമായി ടാറ്റ മോട്ടോഴ്സും വി.ഒ. ചിദംബരനാർ പോർട്ട് അതോറിറ്റിയും (വിഒസിപിഎ) തമ്മിൽ ധാരണാപത്രം (എംഒയു) ഒപ്പുവെച്ചു. തൂത്തുക്കുടി തുറമുഖത്ത് 40 ഗ്രീൻ ഹൈഡ്രജൻ ഉപയോഗിക്കുന്ന ഹെവിഡ്യൂട്ടി ട്രക്കുകൾ വിന്യസിക്കുന്നതിനാണ് ഈ കരാർ. കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാളിന്റെ സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവച്ചത്. കരാറിന്റെ ഭാഗമായി ടാറ്റ മോട്ടോഴ്സ് ആദ്യം ഹൈഡ്രജൻ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രൈം മൂവർ പരീക്ഷണാടിസ്ഥാനത്തിൽ ഇറക്കും. തുടർന്ന് അടുത്ത രണ്ട് വർഷത്തിനിടെ ഘട്ടംഘട്ടമായി 40 ഹൈഡ്രജൻ ഇന്റേണൽ കമ്പഷൻ എഞ്ചിൻ ട്രക്കുകൾ തുറമുഖത്തിന് നൽകും. പദ്ധതിക്ക് ധനസഹായം നൽകുന്നത് കേന്ദ്ര തുറമുഖ മന്ത്രാലയമാണ്. ഗ്രീൻ ഹൈഡ്രജൻ ട്രക്കുകളുടെ വിന്യാസം തുറമുഖത്തെ ചരക്ക് കൈകാര്യം ചെയ്യുന്ന പ്രവർത്തനങ്ങളെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുമെന്നും ഇതിനായി 2 മെഗാവാട്ട് ശേഷിയുള്ള ഇലക്ട്രോളൈസറും പ്രത്യേക ഹൈഡ്രജൻ റീഫ്യൂവലിംഗ് സ്റ്റേഷനും സ്ഥാപിക്കാൻ പദ്ധതിയുണ്ടെന്നും വിഒസിപിഎ ചെയർമാൻ സുശാന്ത കുമാർ പുരോഹിത് പറഞ്ഞു. ഹൈഡ്രജൻ ട്രക്കുകൾ തുറമുഖ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക സാധ്യതകൾ ഈ പദ്ധതി തെളിയിക്കുമെന്നും ശുദ്ധ ഇന്ധന ഉപയോഗത്തിലൂടെ തുറമുഖ മേഖലയിലെ മലിനീകരണം കുറയ്ക്കാനാണ് ലക്ഷ്യമെന്നും ടാറ്റ മോട്ടോഴ്സ് ട്രക്ക്സ് വിഭാഗം വൈസ് പ്രസിഡന്റ് രാജേഷ് കൗൾ പറഞ്ഞു. പദ്ധതിയിൽ ഉൾപ്പെടുന്ന ട്രക്കുകൾ ടാറ്റ മോട്ടോഴ്സിന്റെ പ്രൈമ 55 ടൺ പ്രൈം മൂവർ മോഡലുകളാണ്.

സുരക്ഷയും ഡ്രൈവർ സൗകര്യങ്ങളും മുൻനിർത്തി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ വാഹനങ്ങൾ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമായ ഗതാഗതത്തിന് സഹായകരമാകും. ടാറ്റ മോട്ടോഴ്സ് ബാറ്ററി ഇലക്ട്രിക്, സി.എൻ.ജി, എൽ.എൻ.ജി, ഹൈഡ്രജൻ ഇന്ധന സാങ്കേതികവിദ്യകൾ ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹൃദ വാഹന വികസനത്തിൽ മുൻപന്തിയിലാണ്. ഇതിനുമുമ്പ് ഹൈഡ്രജൻ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന ട്രക്കുകളും ബസുകളും രാജ്യത്തെ വിവിധ ഭാഗങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇറക്കിയിട്ടുണ്ട്.




# സെഡിമാക് മെക്കാട്രോണിക്സ് ഐപിഒ മാർച്ച് 4 മുതൽ

**കൊച്ചി:** ഇന്ത്യ, യുഎസ്, യൂറോപ്പ് എന്നിവിടങ്ങളിലെ മുൻനിര ഒഇഎമ്മുകൾക്ക് കൺട്രോൾഇന്റൻസീവ് ഇലക്ട്രോണിക് കൺട്രോൾ യൂണിറ്റുകൾ (ഇസിയു) ലഭ്യമാക്കുന്ന സെഡിമാക് മെക്കാട്രോണിക്സ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപന (ഐപിഒ) മാർച്ച് 4 മുതൽ 6 വരെ നടക്കും. നിലവിലുള്ള നിക്ഷേപകരുടെ 8,043,300 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 1,287 മുതൽ 1,352 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്.

കുറഞ്ഞത് 11 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 11ന്റെ ഗുണിതങ്ങളായും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കായി മാറ്റിവെച്ചിരിക്കുന്ന വിഭാഗത്തിൽ ഓഹരി ഒന്നിന് 128 രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, അവെൻഡസ് കാപ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് കാപ്പിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കൊക്കകോളയുടെ 'പവറേഡ്' ഇന്ത്യയിൽ

**കൊച്ചി:** കൊക്കകോളയുടെ ഐക്കണിക് സ്പോർട്സ് ഹൈഡ്രേഷൻ ബ്രാൻഡായ പവറേഡ് ഐസിസി പുരുഷ ടി20 ലോകകപ്പിലൂടെ ഇന്ത്യയിൽ അരങ്ങേറ്റം കുറിച്ചു. കായികപ്രകടനത്തിനായി രൂപകൽപ്പന ചെയ്ത സ്പോർട്സ് ഹൈഡ്രേഷൻ സൊല്യൂഷനായ പവറേഡ്, വിറ്റാമിൻ ബിയും ഇലക്ട്രോലൈറ്റുകളും ഉൾക്കൊള്ളുന്നതാണെന്ന് കൊക്കാകോള ഇന്ത്യയിലെ ഹൈഡ്രേഷൻ, സ്പോർട്സ് ആന്റ് ടീ വിഭാഗം സീനിയർ ഡയറക്ടർ അങ്കിത മഹ പറഞ്ഞു.

മാർച്ചു മുതൽ പവർേഡ് ഇന്ത്യയിൽ ലഭ്യമാകും. 250 മില്ലി ലിറ്റർ പാക്ക് 20 രൂപ എന്ന വിലയ്ക്കും 500 മില്ലി ലിറ്റർ പാക്ക് 50 രൂപ എന്ന വിലയ്ക്കുമാണ് വിപണിയിലെത്തുന്നത്.

# ടാറ്റ എഐജി 'ആക്സിഡന്റ് സൂപ്പർ ഗാർഡ് പ്ലസ്' അവതരിപ്പിച്ചു

**കൊച്ചി:** പ്രമുഖ ജനറൽ ഇൻഷുറൻസ് കമ്പനിയായ ടാറ്റ എഐജി വ്യക്തിഗത അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്ന 'ആക്സിഡന്റ് സൂപ്പർ ഗാർഡ് പ്ലസ്' എന്ന പുതിയ പദ്ധതി അവതരിപ്പിച്ചു. അപ്രതീക്ഷിത അപകടങ്ങൾ മൂലമുണ്ടാകുന്ന സാമ്പത്തിക ആഘാതങ്ങളിൽ നിന്ന് ഉപഭോക്താക്കൾക്ക് സമഗ്രമായ സുരക്ഷ ഉറപ്പാക്കുന്ന രീതിയിലാണ് ഈ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ടാറ്റ എഐജി ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഏജൻസി ഹെൽത്ത് വിഭാഗം തലവൻ പങ്കജ് ശ്രീവാസ്തവ പറഞ്ഞു.

ഉപഭോക്താക്കൾക്ക് അവരുടെ വരുമാനം, ബാധ്യതകൾ, ജീവിതശൈലീ അപകടസാധ്യതകൾ എന്നിവയ്ക്ക് അനുസൃതമായി ഇൻഷുറൻസ് പരിരക്ഷ ക്രമീകരിക്കാൻ അനുവദിക്കുന്ന ഒരു 'മോഡ്യുലാർ ഡിസൈനിലാണ്' ആക്സിഡന്റ് സൂപ്പർ ഗാർഡ് പ്ലസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അപകടമരണം, സ്ഥിരമായ പൂർണ്ണ വൈകല്യം, സ്ഥിരമായ ഭാഗിക വൈകല്യം എന്നിവയ്ക്ക് പുറമേ കിടത്തിച്ചികിത്സാ ചെലവുകൾക്കും ആശുപത്രിയിൽ പ്രവേശിക്കുന്നതിന് മുമ്പും ശേഷവുമുള്ള ചിലവുകൾക്കും ഈ ഇൻഷുറൻസ് പരിരക്ഷ നൽകുന്നു.ലോൺ ഷീൽഡ്, ഇഎംഐ പ്രൊട്ടക്ഷൻ, പെറ്റ് കെയർ തുടങ്ങിയ ഓപ്ഷണൽ കവറേജുകളും ഇതിൽ ലഭ്യമാണ്. ഇത് നിലവിലുള്ള സാമ്പത്തിക ബാധ്യതകൾ നിറവേറ്റുവാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്നു. കുട്ടികൾക്കായി വിദ്യാഭ്യാസ സഹായം, അക്കാദമി സെഷനുകൾ, വിവാഹ ചെലവിനുള്ള സഹായം എന്നിങ്ങനെ ഭാവി മുൻനിർത്തിയുള്ള ആനുകൂല്യങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇവ കൂടാതെ, അടിയന്തര ക്ലെയിമുകൾക്ക് അപ്പുറം കുടുംബങ്ങളെ പിന്തുണയ്ക്കുന്നതിനായി സാമ്പത്തികനിയമ കൗൺസിലിംഗ്, ഡിസെബിലിറ്റി മാനേജ്മെന്റ് തുടങ്ങിയ സേവനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അഞ്ചുവർഷം വരെ കാലാവധിയുള്ള ഈ പ്ലാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും ഒരുപോലെ ലഭ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ഷിംഗിൾസ് രോഗം:

# 50 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ ആഘാതം വളരെ അധികമെന്ന് സർവേ

**കൊച്ചി:** ഇന്ത്യയിൽ 50 വയസിന് മുകളിൽ പ്രായമുള്ളവരും വിട്ടുമാറാത്ത ആരോഗ്യപ്രശ്നങ്ങളുള്ളവരുമായ ആളുകളിൽ ഷിംഗിൾസ് രോഗത്തിന്റെ ആഘാതം വളരെ അധികമാണെന്ന് സർവേ. ഷിംഗിൾസ് ആക്ഷൻ വീക്കിന് മുന്നോടിയായി ജിഎസ്കെ നടത്തിയ ആഗോള സർവേ ഷിംഗിൾസ് ബാധിച്ച ഇന്ത്യക്കാരിൽ 43% പേർക്കും കഠിനമായ വേദന അനുഭവപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടു ണ്ട്. ഇതിൽ മൂന്നിൽ ഒരാൾക്കെങ്കിലും ഇത് ജോലി ചെയ്യുന്നതിനോ സാമൂഹികമായ പരിപാടികളിൽ പങ്കെടുക്കുന്നതിനോ തടസ്സമാവുന്നുമുണ്ട്. ഗുരുതരമായ കിഡ്നി രോഗമുള്ളവർക്കും, ഹൃദയസംബന്ധമായ രോഗമുള്ളവർക്കുമാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടത്. പ്രമേഹവും ഹൃദയസംബന്ധമായ രോഗമുള്ളവരിലുമാണ് ഏറ്റവും ഉയർന്ന വൈകാരിക ആഘാതം റിപ്പോർട്ട് ചെയ്തത്.

ചിക്കൻപോക്സിന് കാരണമായ വാരിസെല്ലസോസ്റ്റർ വൈറസ് വീണ്ടും സജീവമാകുന്നതിലൂടെ ഉണ്ടാകുന്ന വേദനാജനകമായ രോഗമാണ് ഷിംഗിൾസ്. വാക്സിനേഷനിലൂടെ മാത്രം തടയാൻ കഴിയുന്ന ഈ രോഗത്തിന്റ സങ്കീർണതകളെക്കുറിച്ച് സർവേയിൽ പങ്കെടുത്ത നാലിൽ ഒരാൾക്കും കാര്യമായ അറിവില്ലെന്ന് എടുത്തുകാണിക്കുന്നു. പ്രായമായവരിൽ രോഗപ്രതിരോധത്തെ കുറിച്ചുള്ള അവബോധം വളരെ പരിമിതമാണെന്ന് സർവേ വെളിപ്പെടുത്തുന്നതായി ജിഎസ്കെ ഇന്ത്യയുടെ മെഡിക്കൽ അഫയേഴ്സ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. ശാലിനി മേനോൻ പറഞ്ഞു.

പ്രായമായിവരുന്ന ഒരു ജനസംഖ്യയ്ക്കായി ഇന്ത്യ തയ്യാറെടുക്കുമ്പോൾ, റിയാക്ടീവ് കെയറിൽ നിന്ന് പ്രതിരോധത്തിലേക്ക് മാറുന്നത് ഒരു ദേശീയ മുൻഗണനയായി മാറണമെന്ന് സർവേ ചൂണ്ടികാട്ടുന്നു. ഷിംഗിൾസ് ഉൾപ്പെടെയുള്ള വാക്സിനേഷനുകൾ മുതിർന്നവരുടെ ആരോഗ്യ ചർച്ചകളുടെ ഭാഗമാക്കേണ്ടതിന്റെ ആവശ്യകത സർവേ കണ്ടെത്തലുകൾ തെളിയിക്കുന്നു.

## സൗജന്യ ഹൃദയ ശസ്ത്രക്രിയ തുടർചികിത്സാ ക്യാമ്പ്

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയും ഡോക്ടർ വർഗീസ് മൂലൻസ് ഗ്രൂപ്പും ചേർന്ന് കുട്ടികൾക്കായി സൗജന്യ ഹൃദയ ശസ്ത്രക്രിയ തുടർചികിത്സാ ക്യാമ്പ് 'സ്പന്ദനം' സംഘടിപ്പിക്കുന്നു. മാർച്ച് ഒന്നിന് രാവിലെ 10 മണി മുതൽ 2 വരെ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് കാർഡിയോളജി ഡിപ്പാർട്മെന്റിൽ വെച്ചാണ് ക്യാമ്പ് നടക്കുന്നത്.

ക്യാമ്പിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന അർഹരായ രോഗികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ ലഭ്യമാക്കും. 18 വയസ്സിൽ താഴെയുള്ള ജന്മനാ ഹൃദയരോഗം സ്ഥിരീകരിക്കപ്പെട്ടവർ, കൂടുതൽ പരിശോധന ഡോക്ടർമാർ നിർദ്ദേശിച്ചവർ, പലകാരണങ്ങളാൽ ചികിത്സ നടത്താൻ കഴിയാതിരുന്നവർ എന്നിവർക്കായാണ് ക്യാമ്പ്. രജിസ്ട്രേഷനും, കൂടുതൽ വിവരങ്ങൾക്കുമായി 8111998243 എന്ന നമ്പറിൽ ബന്ധപ്പെടാം.

# ഐസിഐസിഐ– എസ്കെ ഫിനാൻസ് സഹകരണം പ്രഖ്യാപിച്ചു



**കൊച്ചി:** എസ്കെ ഫിനാൻസ് ഐസിഐസിഐ പ്രുഡെൻഷ്യൽ ഇൻഷൂറൻസുമായി സഹകരണം ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. ഈ സഹകരണത്തിലൂടെ എസ്കെ ഫിനാൻസിന്റെ ഉപഭോക്താക്കൾക്ക് ഗ്രൂപ്പ് ക്രെഡിറ്റ് ഇൻഷൂറൻസ് ലഭ്യമാകുകയും അവർക്ക് ആവശ്യമായ സാമ്പത്തിക പരിരക്ഷ നൽകുകയും ചെയ്യുമെന്ന് ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസ് കമ്പനി ക്രെഡിറ്റ് ലൈഫ് ആന്റ് പ്രൊട്ടക്ഷൻ വിഭാഗം വിതരണ മേധാവി ഉപേന്ദ്ര പ്രഭു പറഞ്ഞു. എസ്കെ ഫിനാൻസിന് ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും ഉള്ള ശക്തമായ സാന്നിധ്യം വഴി 9.3 ലക്ഷത്തിലേറെ വരുന്ന ഉപഭോക്താക്കൾക്ക് വായ്പാ കേന്ദ്രീകൃത ഇൻഷൂറൻസ് പദ്ധതികൾ നൽകാൻ സാധിക്കും.ഉപഭോക്താക്കൾക്ക്, പ്രത്യേകിച്ച് കുറഞ്ഞ തോതിൽ മാത്രം സാമ്പത്തിക സേവനങ്ങൾ ലഭ്യമായിട്ടുള്ള വ്യക്തികൾക്ക്, ലളിതവും സുഗമവുമായ വായ്പാ ഇൻഷൂറൻസ് പദ്ധതികൾ വഴി ഉത്തരവാദിത്തത്തോടു കൂടി വായ്പകൾ നേടുന്നതിനും കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക സുരക്ഷ നേടുന്നതിനും ഈ സഹകരണം വഴിയൊരുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

# ബന്ധൻ മ്യൂച്വൽ ഫണ്ട് കൊച്ചി ബ്രാഞ്ച് ഓഫീസ് ഗാന്ധിനഗറിൽ തുറന്നു

**കൊച്ചി:** നിക്ഷേപകർക്കും മ്യൂചൽ ഫണ്ട് വിതരണക്കാർക്കും (എംഎഫ്ഡി) മികച്ച സേവനം നൽകുന്നതിനായി ബന്ധൻ എഎംസി ലിമിറ്റഡ് (ബന്ധൻ എഎംസി) കൊച്ചിയിലെ ബ്രാഞ്ച് ഓഫീസ് മാറ്റി സ്ഥാപിച്ചു. പുതിയ ഓഫീസ് എറണാകുളം ഗാന്ധി നഗർ, സലിംരാജൻ റോഡിൽ സെറനിറ്റി സ്ക്വയറിലാണ് തുറന്നത്. മാറ്റിസ്ഥാപിച്ച ബ്രാഞ്ചിൽ പൂർണ്ണമായും സജ്ജീകരിച്ച മീറ്റിംഗ്കംട്രെയിനിംഗ് റൂം ഉൾപ്പെടും, ഇത് നഗരത്തിലെ ഉപഭോക്തൃ സേവനവും നിക്ഷേപക അവബോധ പ്രവർത്തനങ്ങളും മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നുവെന്ന് ബന്ധൻ എഎംസി സിഇഒ വിശാൽ കപൂർ പറഞ്ഞു.

ബന്ധൻ എഎംസി ലിമിറ്റഡ്, മ്യൂചൽ ഫുകൾ, ആൾട്ടർനേറ്റീവ്സ്, പോർട്ട്ഫോളിയോ മാനേജ്മെന്റ് സർവീസസ് (പിഎംഎസ്) എന്നിവയിലുടനീളം വിവേകപൂർവ്വം നിർമ്മിച്ച നിരവധി നിക്ഷേപ ഉൽപ്പന്നങ്ങളിലൂടെ നിക്ഷേപകർക്ക് സേവനം നൽകുന്നു. 100ലധികം നഗരങ്ങളിൽ പ്രവർത്തനക്ഷമമായ ഈ ഫണ്ട് ഹൗസ്, രാജ്യത്തുടനീളമുള്ള 790ലധികം നഗരങ്ങളിലെയും പട്ടണങ്ങളിലെയും നിക്ഷേപകർക്ക് സേവനം നൽകുന്നു, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, കുടുംബ ഓഫീസുകൾ, വ്യക്തിഗത ക്ലയന്റുകൾ എന്നിവയെ പ്രതിനിധീകരിക്കുന്ന മൂന്നര ദശലക്ഷത്തിലധികം ഫോളിയോകൾക്ക് സേവനം നൽകുന്നു.

# മിൽക്കി മിസ്റ്റ് ഐപിഒയ്ക്ക് തയ്യാറെടുക്കുന്നു

**കൊച്ചി :** ഇന്ത്യൻ പാലുൽപ്പന്ന നിർമ്മാതാക്കളായ മിൽക്കി മിസ്റ്റ് നടപ്പ് വർഷം പ്രാരംഭ പൊതു ഓഹരി വിൽപന (ഐപിഒ)യ്ക്കുള്ള തയ്യാറെടുപ്പുകളിലാണെന്ന് സിഇഒ ഡോ. കെ രത്നം പറഞ്ഞു. കമ്പനി 30 ശതമാനം വാർഷിക വരുമാന വളർച്ച നിലനിർത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. തമിഴ്നാട് ആസ്ഥാനമായുള്ള കമ്പനിക്ക് 2025 ഒക്ടോബറിൽ 2035 കോടി മൂല്യമുള്ള ഐപിഒയ്ക്ക് സെബിയുടെ അംഗീകാരം ലഭിച്ചിരുന്നു. വിവിധ ഉപഭോക്തൃ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന ഇവർ ഇന്ത്യയിൽ വൻ വിപണി സാധ്യതയുള്ള ഗ്രീക്ക് യോഗർട്ട്, പ്രോട്ടീൻ സമ്പുഷ്ടമായ കോട്ടേജ് ചീസ് പോലുള്ള പ്രീമിയം ഉത്പന്നങ്ങളിലേക്ക് ചുവടുവെയ്ക്കുകയാണ്.ഇന്ത്യ പ്രോട്ടീൻ ലഭ്യത കുറവുള്ള രാജ്യമായതിനാൽ മിൽക്കി മിസ്റ്റിന് മാത്രമല്ല ഈ മേഖലയിലെ ഏതൊരു കമ്പനിക്കും ഇത് പ്രധാന ഉത്പന്നങ്ങളാകുമെന്നും കമ്പനിക്ക് ഉയർന്ന പ്രോട്ടീൻ അടങ്ങിയ പാൽ പുറത്തിറക്കാനും പദ്ധതിയുണ്ടന്നും രത്നം പറഞ്ഞു. 2025 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം മിൽക്കി മിസ്റ്റ് ഉൽപ്പന്നങ്ങൾ 350,000ലധികം റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്.

# അവന്യ സ്റ്റാർട്ടപ്പ് ചലഞ്ച് :

## ട്രാൻസ്മിയോ ഐടി സൊല്യൂഷൻസിന് രണ്ടാം സ്ഥാനം

**കൊച്ചി:** ഗോവയിൽ നാല് ദിവസങ്ങളിലായി നടന്ന ഇന്ത്യ എനർജി വീക്കിന്റെ ഭാഗമായി സംഘടിപ്പിച്ച അവന്യ എനർജി സ്റ്റാർട്ടപ്പ് ചലഞ്ച്' 2026 ൽ മലയാളി സ്റ്റാർട്ടപ്പ് ട്രാൻസ്മിയോ ഐടി സൊല്യൂഷൻസ് രാം സ്ഥാനം കരസ്ഥമാക്കി.

പൈപ്പ് ലൈനുകൾ, കിണറുകൾ, കാർബൺ ക്യാപ്ചർ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ തത്സമയം നിരീക്ഷിക്കുന്നതിനുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ഫൈബർ സെൻസിംഗ് സംവിധാനത്തിനാണ് ഈ അംഗീകാരം ലഭിച്ചത്. ഗോവയിൽ നടന്ന ചടങ്ങിൽ കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി, പെട്രോളിയം മന്ത്രാലയം സെക്രട്ടറി നീരജ് മിത്തൽ എന്നിവരിൽ നിന്ന് ട്രാൻസ്മിയോ സി.ഇ.ഒയും സ്ഥാപകനുമായ സഫിൽ സണ്ണി, ബിസിനസ് കൊളാബറേഷൻസ് ഡയറക്ടർ രാകേഷ് മിശ്ര എന്നിവർ അവാർഡ് ഏറ്റുവാങ്ങി.



## ടെൻഡർ

**കൊച്ചി:** കൊച്ചി അർബൻ 1 ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിനു കീഴിലുള്ള136 അങ്കണവാടികളിലേക്ക് ആവശ്യമായ പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. മാർച്ച് രണ്ട് വരെ ടെൻഡറുകൾ സമർപ്പിക്കാം. ഫോൺ 0484 2227284.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചിയുടെ കൊളോണിയൽ ഭൂതകാലം ബിനാലെയിൽ കലാസൃഷ്ടിയായി

**കൊച്ചി:** അധിനിവേശ ശക്തികളുടെ അധികാരമുറപ്പിക്കലും അറിവും അർഥവും കവർന്നെടുത്തതും പ്രമേയമാക്കിയാണ് മൗറീഷ്യൻ കലാകാരൻ ഷിറാസ് ബൈജോ കൊച്ചിമുസിരിസ് ബിനാലെയിലെ തന്റെ കലാസൃഷ്ടി തീർത്തിരിക്കുന്നത്. 'സ സിമേ ലാമെർ' (Sa Sime Lamer) എന്ന് പേരിട്ടിരിക്കുന്ന അദ്ദേഹത്തിന്റെ ഇൻസ്റ്റാളേഷൻ മൗറീഷ്യൻ ക്രിയോൾ ഭാഷയിൽ 'കടലിലേക്കുള്ള വഴി' എന്നാണ് അർത്ഥമാക്കുന്നത്. കൊച്ചിയുടെ കൊളോണിയൽ ഭൂതകാലത്തെയും അതിന്റെ ഇന്നത്തെ അവശേഷിപ്പുകളെയും ദൃശ്യവൽക്കരിക്കുകയാണ് ഈ കലാകാരൻ ചെയ്തിരിക്കുന്നത്.

ഇന്ത്യൻ മഹാസമുദ്രം വഴിയുള്ള വ്യാപാര ബന്ധങ്ങളെയും അധിനിവേശത്തിന്റെ പ്രത്യാഘാതങ്ങളെയും അദ്ദേഹം പുനരാവിഷ്കരിക്കുന്നു. ഡച്ചുകാർ മലബാറിൽ അധികാരം ഉറപ്പിക്കാൻ ശ്രമിച്ചതും ഇവിടുത്തെ വിഭവങ്ങൾ കൊള്ളയടിച്ച് സ്വന്തം നാടിനെ സമ്പന്നമാക്കിയതും കലാരൂപം ചർച്ച ചെയ്യുന്നുണ്ട്.

ഫോർട്ട്കൊച്ചി ആസ്പിൻവാൾ ഹൗസിലെ ഡയറക്ടേഴ്സ് ബംഗ്ലാവിലാണ് കടലിന് അഭിമുഖമായി ഈ സൃഷ്ടി ഒരുക്കിയിരിക്കുന്നത്. സുഗന്ധവ്യഞ്ജന വ്യാപാരത്തിലൂടെയുള്ള ചൂഷണത്തിന്റെ കയ്പ്പേറിയ യാഥാർത്ഥ്യങ്ങളെ സൗമ്യമായ ദൃശ്യഭാഷയിലൂടെ അവതരിപ്പിക്കാനാണ് ഷിറാസ് ശ്രമിക്കുന്നത്.



ബ്രിട്ടൻ തങ്ങളുടെ അധിനിവേശ ചരിത്രത്തെക്കുറിച്ച് പുലർത്തുന്ന നിശബ്ദതയും, ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ കുടിയേറ്റങ്ങളുടെയും നിർബന്ധിത തൊഴിലിന്റെയും ചരിത്രവുമാണ് കഴിഞ്ഞ 20 വർഷമായി തന്റെ കലയെ നയിക്കുന്നതെന്ന് ഷിറാസ് പറയുന്നു. അടിച്ചമർത്തലുകൾക്കെതിരെയുള്ള പ്രതിരോധത്തിന്റെ ഭാഷയായാണ് അദ്ദേഹം ഇന്ത്യൻ മഹാസമുദ്രത്തിലെ ക്രിയോളിനെ കാണുന്നത്. വ്യത്യസ്ത വലിപ്പത്തിലുള്ള ഒൻപത് മഹാഗണി തൂണുകളാണ് കലാപ്രതിഷ്ഠയുടെ പ്രധാന ആകർഷണം. സാമ്രാജ്യത്വ മോഹങ്ങളുടെ പ്രതീകമായി തോക്കേന്തി നിൽക്കുന്ന ഡച്ച് സൈനികരുടെ സെറാമിക് രൂപങ്ങൾ ഇതിൽ കാണാം. കുരുമുളക്, ജാതിക്ക എന്നിവയുടെ ടെറാക്കോട്ട ശില്പങ്ങളും, നാളികേരം, ചകിരി, കയർ തുടങ്ങിയവയും ഉപയോഗിച്ച് പണ്ടത്തെ വ്യാപാരത്തെയും ഈ മണ്ണിന്റെ പ്രകൃതിദത്തമായ സമ്പത്തിനെയും അദ്ദേഹം ആവിഷ്കരിച്ചിട്ടുണ്ട്.

സുഗന്ധവ്യഞ്ജനങ്ങൾ മാത്രമല്ല, കേരളത്തിലെ സസ്യസമ്പത്തിനെക്കുറിച്ചുള്ള അറിവും അധിനിവേശ ശക്തികൾ കവർന്നെടുത്തിട്ടുണ്ടെന്ന് ഷിറാസ് ചൂണ്ടിക്കാണിക്കുന്നു. കൊച്ചിയിലെ 'ഓടത' എന്നറിയപ്പെടുന്ന ഡച്ച് ഗാർഡന്റെയും പ്രശസ്തമായ 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന ഗ്രന്ഥത്തിന്റെയും പശ്ചാത്തലം ഇതിനുണ്ട്. പ്രാദേശിക ചികിത്സകരുടെ അറിവ് ഉപയോഗപ്പെടുത്തി നിർമ്മിച്ച ഇത്തരം ഗ്രന്ഥങ്ങളുടെ ചരിത്രം അദ്ദേഹം തന്റെ സൃഷ്ടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കലാപ്രതിഷ്ഠയിലെ നീല നിറത്തിലുള്ള കൈത്തറി തുണികളിൽ മനോഹരമായ തുന്നൽ പണികൾ കാണാം. പതിനാറാം നൂറ്റാണ്ടിൽ ക്രിസ്റ്റോബൽ അക്കോസ്റ്റ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിലെ ചിത്രങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ ഈ എംബ്രോയ്ഡറികൾ കൊച്ചിയിലെ സ്ത്രീകളാണ് നിർമ്മിച്ചത്. പോർച്ചുഗീസ് മിഷനറികളിൽ നിന്ന് പകർന്നു കിട്ടിയ വൈദഗ്ധ്യം ഇന്നും നിലനിർത്തുന്ന ഫോർട്ട്കൊച്ചിയിലെ അവസാന തലമുറയിലെ സ്ത്രീകളാണ് ഇതൊരുക്കിയത്. മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വിളക്കിന്റെ ചുവട്ടിലുള്ള ഡച്ച് സൈനികരുടെ രൂപങ്ങളിൽ നിന്നാണ് ഷിറാസ് തന്റെ ശില്പങ്ങൾക്കുള്ള പ്രചോദനം ഉൾക്കൊണ്ടത്. വിഭവങ്ങളും സംസ്കാരവും അറിവും നമ്മുടെ മണ്ണിൽ നിന്ന് കപ്പൽ കയറിപ്പോയതിന്റെ ചരിത്രസാക്ഷ്യമാണ് 'സ സിമേ ലമെർ' എന്ന കലാസൃഷ്ടി.

# മഹീന്ദ്ര പുതിയ റോട്ടവേറ്റർ സീരീസ് കേരളത്തിൽ അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ നമ്പർ വൺ ട്രാക്ടർ കമ്പനിയും ലോകത്തിലെ തന്നെ ഏറ്റവും വലിയ ഫാം മെഷിനറി, റോട്ടവേറ്റർ നിർമാതാക്കളിലൊന്നുമായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര തങ്ങളുടെ പുതിയ റോട്ടവേറ്റർ സീരീസ് കേരളത്തിൽ അവതരിപ്പിച്ചു.




പുതിയ രൂപത്തിലും വീതിയേറിയ മാസ്റ്റ് രൂപകൽപ്പനയിലുമാണ് പുത്തൻ റോട്ടവേറ്റർ സീരീസ് എത്തുന്നത്. 4 മുതൽ 9 അടി വരെ വലിപ്പമുള്ള മഹാവേറ്റർ, മഹാവേറ്റർ എച്ച്ഡി എന്നീ ഹെവി ഡ്യൂട്ടി റോട്ടവേറ്റർ വിഭാഗങ്ങളിലാകും ഇവ ലഭ്യമാകുക. കഠിനമായ ജോലികൾക്കും കരുത്തുറ്റ പ്രകടനത്തിനും അനുയോജ്യമായ മോഡലുകളാണിതെന്ന് മഹീന്ദ്ര ഫാം എക്യുപ്മെന്റ് ബിസിനസ് വൈസ് പ്രസിഡന്റ് ആന്റ് ഹെഡ് ഇന്റർനാഷണൽ ഓപ്പറേഷൻസും ഫാം മെഷിനറി ബിസിനസ് ഹെഡുമായ ഡോ. അനുഷ കൊത്താരാമൻ പറഞ്ഞു. മെറ്റാലിക് ഓറഞ്ച്, എവറസ്റ്റ് വൈറ്റ്, മെറ്റാലിക് ഗ്രീൻ എന്നീ നിറങ്ങളിൽ പുറത്തിറക്കിയ മഹീന്ദ്ര ലിമിറ്റഡ് എഡിഷൻ റോട്ടവേറ്ററുകൾ മഹാവേറ്റർ എച്ച്ഡി, സൂപ്പർവേറ്റർ, ഗൈറോവേറ്റർ ഇസഡ്എൽഎക്സ് പ്ലസ് എന്നീ വേരിയന്റുകളിൽ ലഭ്യമാകും. തേസ്ഇ ബ്രാൻഡിന് കീഴിൽ പേറ്റന്റ് നടിയ ഇന്റലിജന്റ് റോട്ടവേറ്ററും മഹീന്ദ്ര വാഗ്ദാനം ചെയ്യുന്നു. ഇതിലെ ബ്ലൂടൂത്ത് സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷിയിടത്തിൽ നിന്നുള്ള വിവരങ്ങൾ തത്സമയം മൊബൈൽ ആപ്ലിക്കേഷനിലേക്ക് കൈമാറാൻ സാധിക്കും. ഇത് ആധുനിക സാങ്കേതികവിദ്യയെ പരമ്പരാഗത കൃഷിരീതിയുമായി ബന്ധിപ്പിക്കുകയും കൃത്യതയാർന്ന കൃഷി സാധ്യമാക്കുകയും ചെയ്യും. പഞ്ചാബിലെ നാഭയിലും തെലങ്കാനയിലെ സഹീരാബാദിലുമുള്ള പ്രത്യേക നിർമാണ യൂണിറ്റുകളിൽ നിന്നാണ് പുതിയ സീരീസും എത്തുന്നത്.

# ഗുവാഹത്തിയിൽ എച്ച്ഡിഎഫ്സി ബാങ്കിന്റെ ടെക് ആന്റ് ഡിജിറ്റൽ ഫാക്ടറി

**കൊച്ചി:** എച്ച്ഡിഎഫ്സി ബാങ്ക് ഗുവാഹത്തിയിൽ പുതിയ ടെക് ആന്റ് ഡിജിറ്റൽ ഫാക്ടറി ഉദ്ഘാടനം ചെയ്തു.

എഐ, ക്ലൗഡ്, ഡാറ്റ, സൈബർസുരക്ഷ എന്നിവയിൽ നൂതന സാങ്കേതിക വികസനമാണ് ഈ കേന്ദ്രത്തിന്റെ ലക്ഷ്യമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. പ്രാദേശിക പ്രതിഭകൾക്ക് ജോലി അവസരങ്ങളും പരിശീലനവും നൽകാൻ ഇതിലൂടെ സാധിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com